പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4193 — 21/07/2015-ൽ മറുപടിയ്ക്ക്

## കൂടുതൽ അളവിൽ വെള്ളം ലഭിയ്ക്കുന്ന കരിക്ക് ലഭ്യമാകുന്ന തെങ്ങിനങ്ങൾ

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ.ബാബു എം. പാലിശ്ശേരി** | **ശ്രീ . കെ.പി.മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി)** |
| എ) കരിക്കിന്റെ ആവശ്യം ദിനം പ്രതി വർദ്ധിച്ചുവരുന്നത് കൃഷി വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) കൂടുതൽ അളവിൽ വെള്ളം ലഭിയ്ക്കുന്ന കരിക്ക് ലഭ്യമാകുന്ന തെങ്ങിനങ്ങൾ ഏതൊക്കെയാണ്; ഈ തെങ്ങിനങ്ങളുടെ കൃഷി വ്യാപകമാക്കുന്നതിന് കൃഷി വകുപ്പ് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; | ബി) കരിക്കിൻ വെള്ളം ലഭിക്കുന്നതിന് ഏറ്റവും നല്ല ഇനം ചാവക്കാട് കുറിയ ഓറഞ്ച് ഇനത്തിലുള്ള തെങ്ങാണ്. എന്നാൽ വിവിധോപയോഗങ്ങൾക്ക് അനുയോജ്യമായ പശ്ചിമതീരനെടിയ ഇനവും സി.പി.സി.ആർ.ഐ പുറത്തിറക്കിയ കൽപരക്ഷ, കൽപശ്രീ, കൽപസങ്കര എന്നീ ഇനങ്ങളും കരിക്കിൻ വെള്ളത്തിനും അനുയോജ്യമാണ്.<br>പശ്ചിമതീരനെടിയ ഇനം (WCT ) കൃഷി വകുപ്പിന്റെ വിവിധ തെങ്ങിൻ തൈ നഴ്സറികളിൽ നിന്നും "കേരഗ്രാമം" പദ്ധതി പ്രകാരമുള്ള നഴ്സറികളിൽ നിന്നും ഉല്പാദിപ്പിച്ച് സംസ്ഥാനമൊട്ടാകെയുള്ള കൃഷി ഭവനുകളിലൂടെ വിതരണം ചെയ്തു വരുന്നു. |
| സി) പ്രസ്തുത തെങ്ങിൻ തൈകൾ കൃഷി ഭവനുകൾ മുഖേന വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിയ്ക്കുമോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ? | സി) കൃഷി ഭവനുകൾ വഴി പശ്ചിമതീരനെടിയ ഇനം തെങ്ങിൻ തൈകൾ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. 2015-16-ൽ 2,73,721 പശ്ചിമതീരനെടിയ ഇനം വിതരണം ചെയ്തു വരുന്നു. കൂടാതെ 40194 MYD/COD കുറിയ ഇനം തെങ്ങിൻ തൈകളും വിതരണം ചെയ്തു വരുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**